**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1700** — **08.06.2018 - ൽ മറുപടിയ്ക്ക്**

**വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോ എബ്രഹാം** | **ശ്രീ.വി.എസ്.സുനിൽ കുമാർ** (കൃഷി വകുപ്പ് മന്ത്രി) |
| **എ)** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മൂവാറ്റുപുഴ വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിൽ നിലവിൽ നടന്നുവരുന്ന ഗവേഷണ പ്രവർത്തനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | **എ)** പൈനാപ്പിൾ കർഷകർക്ക് ഗവേഷണ വികസന സഹായത്തിനായി 1995-ൽ സ്ഥാപിതമായ മൂവാറ്റുപുഴ വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രം ക്യൂ മൗറീഷ്യസ്, എംഡി-2 ഇനങ്ങളുടെ വാണിജ്യകൃഷിക്കും ഇടവിളയായി കൃഷി ചെയ്യുമ്പോൾ പാലിക്കേണ്ട പരിപാലനത്തെ കുറിച്ചുമുള്ള ശാസ്ത്രീയമായ നിർദേശങ്ങൾ കർഷകർക്ക് നൽകിവരുന്നു. 'വാഴക്കുളം പൈനാപ്പിൾ' ഭൂസൂചിക രജിസ്ട്രറിൽ ഉൾപ്പെടുത്തുന്നതിന് ഈ കേന്ദ്രം നേതൃത്വം നൽകി.<br><br>പൈനാപ്പിൾ കൂടാതെ പാഷൻ ഫ്രൂട്ടിന്റെ ഗവേഷണത്തിലും ഈ കേന്ദ്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 134 പി എന്ന പർപ്പിൾ പാഷൻ ഫ്രൂട്ട് എന്ന ഇനം വളർച്ചയിലും ഉൽപാദനത്തിലും ഗുണനിലവാരത്തിലും മികച്ചതായി കണ്ടുപിടിച്ചിട്ടുണ്ട്. വിവിധ പത്ര, മാസിക, ശ്രവണ, ദൃശ്യ മാധ്യമങ്ങളിലൂടെ സ്ഥാപനത്തിന്റെ ഗവേഷണ വികസന ഫലങ്ങൾ ഈ കേന്ദ്രം കർഷകരിലേക്ക് എത്തിക്കുന്നുണ്ട്.<br><br>ഈ സ്ഥാപനത്തിൽ നിന്നും പൈനാപ്പിൾ, പാഷൻ ഫ്രൂട്ട്, വാഴ എന്നിവയുടെ നടീൽ വസ്തുക്കൾ ഉൽപാദനം നടത്തി കർഷകർക്ക് വിപണനം ചെയ്തു വരുന്നുണ്ട്. ഈ കേന്ദ്രത്തിന്റെ വെബ്സൈറ്റ് വഴി കാര്യങ്ങൾ അറിയുവാനും ഡൗൺലോഡ് ചെയ്യുവാനും സാധിക്കുന്നതാണ്. കൂടാതെ ഫോണിലൂടെ തൽസമയ പ്രശ്നപരിഹാരത്തിനായി പൈനാപ്പിളിലും പാഷൻ ഫ്രൂട്ടിലും വാട്സാപ്പ് ഗ്രൂപ്പുകൾ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയിട്ടുണ്ട്. ഇവ ഇതര സംസ്ഥാനങ്ങളിലുള്ള കർഷകർക്കുകൂടി ഉപകാരപ്പെടുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. |
| **ബി)** പ്രസ്തുത സ്ഥാപനത്തിന് ഗവേഷണ ആവശ്യത്തിനായി സ്വന്തമായി ഭൂമിയില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | **ബി)** ഉണ്ട്. നിലവിൽ കേന്ദ്രത്തിലെ ഗവേഷണ നിരീക്ഷണങ്ങൾ നടുക്കരയുള്ള വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി (വി.എ.എഫ്.പി.സി.എൽ.) പാട്ടത്തിന് നൽകിയിരിക്കുന്ന 0.61 ഹെക്ടർ ഭൂമിയിലാണ് നടന്നുവരുന്നത്. മൂവാറ്റുപുഴ വില്ലേജിലെ ആവോലി പഞ്ചായത്തിലുള്ള സർവ്വേ നമ്പർ 71/2, 72/3, 73/1 എന്നിവയിലെ 7.855 ഏക്കറുള്ള സർക്കാർ വക മിച്ച ഭൂമി കേന്ദ്രത്തിന് കൃഷിയിടമായി ലഭിക്കാനുള്ള എല്ലാ പരിശ്രമങ്ങളും നടത്തിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമി ലഭ്യമാകാത്തതിനാൽ മറ്റു സ്ഥലം അന്വേഷിച്ചതിൽ നിന്നും അരിക്കുഴയുള്ള ഇടുക്കി ജില്ല കൃഷിത്തോട്ടം വകയുള്ള പിരളിമറ്റത്തുള്ള 2.5 ഏക്കർ (സർവ്വേ നമ്പർ 64/1) (എറണാകുളം ജില്ല) സ്ഥലം അഭികാമ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| **സി)** പ്രസ്തുത സ്ഥാപനത്തെ ഫ്രൂട്ട് ക്രോപ്സ് റിസർച്ച് സ്റ്റേഷൻ (FCRS) എന്ന നിലയിൽ ഉയർത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | **സി)** വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തെ ഫ്രൂട്ട് ക്രോപ്സ് റിസർച്ച് സ്റ്റേഷൻ (FCRS) നിലയിൽ ഉയർത്തുന്നതിനുള്ള നടപടികൾ തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ